കവർസ്റ്റോറി

ഇനാമുറഹ്മാൻ

# ഭരിക്കാനറിയുന്നവർ ജയിച്ചു

**ഭരിക്കാനറിയുന്നവർ** ജയിക്കും. അതിന് പാർട്ടി ഭേദമില്ല. ജനങ്ങൾക്കുവേണ്ടി വെയിലുകൊള്ളാത്ത സർക്കാറുകളെ വോട്ടർമാർ തള്ളി താഴെയിടും. അതിനുമില്ല പാർട്ടി ഭേദം. ലോക്സഭാ തെരഞ്ഞെടുപ്പെന്ന ഫൈനൽ പോരാട്ടത്തിനു മുന്നോടിയായി നടന്ന സെമിഫൈനലെന്ന് വിശേഷിപ്പിക്കപ്പെട്ട സംസ്ഥാന തെരഞ്ഞെടുപ്പു ഫലങ്ങൾ രാഷ്ട്രീയ പാർട്ടികൾക്കു നൽകുന്ന വ്യക്തമായ മുന്നറിയിപ്പാണിത്. മധ്യപ്രദേശ്, ദൽഹി, രാജസ്ഥാൻ, ഛത്തീസ്ഗഢ്, മിസോറാം എന്നീ സംസ്ഥാനങ്ങളിലെ തെരഞ്ഞെടുപ്പു ഫലങ്ങളിലൂടെ ഒരു റൗണ്ട് ഓടി വന്നാൽ ആർക്കും ഇതു ബോധ്യപ്പെടും. അമിതമായ ആത്മവിശ്വാസത്തോടെയാണ് ബി.ജെ.പി തെരഞ്ഞെടുപ്പിനെ നേരിട്ടത്. വിലക്കയറ്റത്തിന്റെയും സാമ്പത്തിക മാന്ദ്യത്തിന്റെയും രൂക്ഷത ഒരു വശത്ത്. നാടുതോറും നടന്ന സ്ഫോടന പരമ്പരകൾ മറുവശത്ത്. അതിന്റെ കൊട്ടിക്കലാശമായി മുംബൈ ഭീകരതകൂടി അരങ്ങേറിയപ്പോൾ കാവിപ്പടക്ക് പിന്നെ സംശയമേതുമില്ലായിരുന്നു. മുംബൈ ആക്രമണത്തിന്റെ ഭീകര ദൃശ്യങ്ങളുടെ ചിത്രസഹിതം പരസ്യം നൽകി അവർ വോട്ടു ചോദിച്ചു. പാർട്ടി ആസ്ഥാനത്തു വിജയ രഥയാത്രക്കുള്ള എല്ലാ ഒരുക്കങ്ങ


*രമൺ സിംഗ്*


*ഷീലാ ദീക്ഷിത്*


*ലാൽതംഗാവ്‌ല*


*അശോക് ഗെഹ്‌ലോട്ട്*


*ശിവരാജ് ചൗഹാൻ*

**മധ്യപ്രദേശിൽ ശിവരാജ് സിംഗ് ചൗഹാൻ, ദൽഹിയിൽ ഷീലാ ദീക്ഷിത്, ഛത്തീസ്ഗഢിൽ രമൺ സിംഗ് എന്നിവർ ജയിച്ചു കയറി. ഈ മൂന്നു സംസ്ഥാനങ്ങളിലും ഏതെങ്കിലും പാർട്ടിക്കല്ല മറിച്ച് ഭേദപ്പെട്ട ഭരണാധികാരികളെ നോക്കിയാണ് ജനം വോട്ടു നൽകിയത്. രാജസ്ഥാനിലും മിസോറാമിലും ഇതുതന്നെ സംഭവിച്ചു. തങ്ങൾക്കുവേണ്ടി ഒന്നും ചെയ്യാത്ത വസുന്ധര രാജെയെ രാജകീയമായും സൊറംതാംഗയെ ദയനീയമായും ജനം തോൽപ്പിച്ചു മൂലക്കിരുത്തി. ഇവിടെയൊക്കെ കോൺഗ്രസ് ജയിച്ചു കയറിയത് അവരുടെ മിടുക്കുകൊണ്ടല്ല. മറിച്ച് ഭരിച്ചവരെ ജനത്തിന് മടുത്തതുകൊണ്ടാണ്.**

ളും പൂർത്തിയാക്കി കാത്തിരുന്നു. ബി.ജെ.പിയെ പ്രതിരോധിക്കാനാവാതെ കോൺഗ്രസ് നേതൃത്വം പലപ്പോഴും പതറി. തോൽക്കുമെന്ന് പലരും അടക്കം പറഞ്ഞു.

എന്നാൽ ജനം തീരുമാനിച്ചത് മറ്റൊന്നായിരുന്നു. ഭരിക്കാനറിയാവുന്നവരുടെ പെട്ടിയിൽ കൊടിയുടെ നിറം നോക്കാതെ അവർ വോട്ടിട്ടു. മധ്യപ്രദേശിൽ ശിവരാജ് സിംഗ് ചൗഹാൻ, ദൽഹിയിൽ ഷീലാ ദീക്ഷിത്, ഛത്തീസ്ഗഡിൽ രമൺ സിംഗ് എന്നിവർ ജയിച്ചു കയറി. ഈ മൂന്നു സംസ്ഥാനങ്ങളിലും ഏതെങ്കിലും പാർട്ടിക്കല്ല മറിച്ച് ഭേദപ്പെട്ട ഭരണാധികാരികളെ നോക്കിയാണ് ജനം വോട്ടു നൽകിയത്. രാജസ്ഥാനിലും മിസോറാമിലും ഇതുതന്നെ സംഭവിച്ചു. തങ്ങൾക്കുവേണ്ടി ഒന്നും ചെയ്യാത്ത വസുന്ധര രാജെയെ രാജകീയമായും സൊറംതാംഗയെ ദയനീയമായും ജനം തോൽപ്പിച്ചു മൂലക്കിരുത്തി. ഇവിടെയൊക്കെ കോൺഗ്രസ് ജയിച്ചു കയറിയത് അവരുടെ മിടുക്കുകൊണ്ടല്ല. മറിച്ച് ഭരിച്ചവരെ ജനത്തിന് മടുത്തതുകൊണ്ടാണ്.

## ദൽഹിയിൽ സംഭവിച്ചത്

നേരിയ ഭൂരിപക്ഷത്തോടെ മൂന്നാമതും കടന്നു കൂടിയാൽ ഭാഗ്യമെന്നായിരുന്നു മുഖ്യമന്ത്രി ഷീലാ ദീക്ഷിതിന്റെ നേതൃത്വത്തിൽ നിയമസഭ തെരഞ്ഞെടുപ്പിനെ നേരിട്ട കോൺഗ്രസ് നേതൃത്വത്തിന്റെയും അനുയായികളുടെയും കണക്കുകൂട്ടൽ. മുംബൈ തീവ്രവാദി ആക്രമണമുണ്ടായതിനു തൊട്ടു പിന്നാലെയാണ് ജനം പോളിംഗ് ബൂത്തിലെത്തിയത്. എന്തു സംഭവിക്കുമെന്ന ആധി കോൺഗ്രസ് ക്യാമ്പുകളിൽ പ്രകടമായിരുന്നു. വോട്ടെണ്ണൽ തുടങ്ങിയതോടെ ഇരു വിഭാഗത്തിന്റെയും ചങ്കിടിച്ചു. വൈകുന്നേരം വരെയും ഏതാണ്ട് ഒപ്പത്തിനൊപ്പമായിരുന്നു സീറ്റുനില. പൊടുന്നനെ എല്ലാം മാറിമറിഞ്ഞു. കോൺഗ്രസ് ലീഡ് കുതിച്ചു. 70 മണ്ഡലങ്ങളുള്ള നിയമസഭയിൽ കോൺഗ്രസിന് 43 സീറ്റ് ലഭിച്ചു. ബി.ജെ.പി അപ്രതീക്ഷിതമായി 23 ലേക്ക് ചുരുങ്ങി. ബി.എസ്.പിക്കും മറ്റുള്ളവർക്കും രണ്ടു വീതം സീറ്റ്. കഴിഞ്ഞ തവണ കോൺഗ്രസിന് 47 ഉം ബി.ജെ.പിക്ക് 20 സീറ്റുമാണ് ലഭിച്ചിരുന്നത്.

പത്തു വർഷംകൊണ്ട് ദൽഹിയുടെ മുഖഛായ മാറ്റിയ ഷീലാ ദീക്ഷിത് എന്ന 71കാരിയുടെ വിജയമാണ് ദൽഹിയിലേത്. വികസന പ്രവർത്തനങ്ങളുടെ പട്ടിക നിരത്തി അവർ വോട്ടു ചോദിച്ചു. ദൽഹിയെ അന്താരാഷ്ട്ര നിലവാരത്തിലുള്ള നഗരമാക്കുകയെന്ന അവരുടെ ലക്ഷ്യത്തിന് പുതുതലമുറ പൂർണ പിന്തുണ നൽകി. മറുഭാഗത്ത് മുഖ്യമന്ത്രി സ്ഥാനാർഥിയായി ബി.ജെ.പി കൊണ്ടുനടന്ന വി.കെ മൽഹോത്രക്ക് ഷീലാ ദീക്ഷിതിന്റെ ജനപ്രീതിയുടെ അടുത്തെങ്ങും എത്താനായില്ല. മൽഹോത്രക്കു പകരം അരുൺ ജയ്റ്റ്ലി ആയിരുന്നുവെങ്കിൽ മെച്ചപ്പെട്ട പ്രകടനം കാഴ്ചവെക്കാനാവുമായിരുന്നുവെന്നാണ് ബി.ജെ.പി വക്താവ് രവി ശങ്കർ പ്രസാദ് തന്നെ പറഞ്ഞത്.

## മധ്യപ്രദേശിൽ കഠിനാധ്വാനത്തിന് വോട്ട്

മൂന്നുകൊല്ലം സംസ്ഥാനം ഭരിക്കാൻ അവസരം ലഭിച്ച ശിവരാജ് സിംഗ് ചൗഹാൻ തെരഞ്ഞെടുപ്പിനെ നേരിട്ടത് മുൾമുനയിൽ നിന്നാണ്. മുൻമുഖ്യമന്ത്രി ദിഗ്‌വിജയ് സിംഗ്, സുരേഷ് പച്ചൗരി, ജ്യോതിരാദിത്യ സിന്ധ്യ, കമൽനാഥ്, രാഹുൽ ഗാന്ധി, സോണിയ ഗാന്ധി തുടങ്ങി കോൺഗ്രസ് നേതാക്കളുടെ പട എതിർ വശത്ത്. തീപ്പൊരി നേതാവ് ഉമ ഭാരതിയുടെ ശക്തമായ ഭീഷണി. മന്ത്രിമാർക്കെതിരെയും ഭാര്യക്കെതിരെ പോലും അഴിമതിയാരോപണം. ഇതിനെല്ലാം പുറമെ വിമത ശല്യം. എന്നാൽ ജനത്തിന് ഇതൊന്നുമല്ല പ്രശ്നമെന്ന് തെരഞ്ഞെടുപ്പു ഫലം തെളിയിച്ചു. 230 മണ്ഡലങ്ങളുള്ള സംസ്ഥാനത്ത് 143 സീറ്റു നേടി ചൗഹാൻ അധികാരം നിലനിർത്തി. കാരണം ഈ മനുഷ്യനെ ജനത്തിന് വിശ്വാസമായിരുന്നു.

2005 നവംബർ 29നാണ് മുഖ്യമന്ത്രിയായി ശിവരാജ് സിംഗ് ചുമതലയേൽക്കുന്നത്. 2003ൽ 173 സീറ്റുമായി മൂന്നിൽ രണ്ടു ഭൂരിപക്ഷത്തോടെ അധികാരത്തിലേറിയ തീപ്പൊരി നേതാവ് ഉമാ ഭാരതി പടിയിറങ്ങിയതിനു ശേഷം ബാബുലാൽ ഗൗർ മുഖ്യമന്ത്രിയായി. ഒരു വർഷത്തിനുശേഷം ബാബുലാലിനെ മാറ്റി താരതമ്യേന അപ്രശസ്തനായ ശിവരാജ് സിംഗിന്റെ കൈയിൽ സംസ്ഥാനത്തിന്റെ സാരഥ്യം ബി.ജെ.പി ഏൽപ്പിച്ചു. മൂന്നു വർഷത്തെ കഠിനാധ്വാനം. വികസനം എന്തെന്നുപോലുമറിയാത്ത മുക്കു മൂലകളിൽ പോലും കടന്നു ചെന്ന് ജനങ്ങളുടെ പ്രശ്നങ്ങൾക്കു പരിഹാരം കാണാൻ അദ്ദേഹത്തിന്റെ നേതൃത്വത്തിൽ സർക്കാർ തയാറായി. ചെമ്പൽ കുന്നുകളിലേക്കു പോലും മെച്ചപ്പെട്ട റോഡുണ്ടായി. വിശക്കുന്നവനു ജാതിയും മതവുമില്ലെന്ന് എല്ലാ വേദികളിലും അദ്ദേഹം പ്രസംഗിച്ചു.

മാലേഗാവ് സ്ഫോടനത്തെ തുടർന്ന് പിടിയിലായ സന്യാസിനി പ്രജ്ഞാസിംഗിനുവേണ്ടി സംഘ്പരിവാരം ഒന്നടങ്കം രംഗത്തുവന്നിട്ടും തന്റെ പ്രസംഗങ്ങളിലൊന്നും ആ വിഷയം കടന്നുവരാതിരിക്കാൻ ശിവരാജ് സിംഗ് ശ്രദ്ധിച്ചു. പെൺകുട്ടികൾക്കു വേണ്ടി ലാഡ്‌ല ലക്ഷ്മി യോജന പദ്ധതി, മൂന്നു രൂപക്ക് അരി, ദാരിദ്ര്യ രേഖക്കു താഴെയുള്ള സ്ത്രീകൾക്ക് 5000 രൂപയുടെ പ്രസവ സഹായം തുടങ്ങി നിരവധി പദ്ധതികൾ നടപ്പാക്കി.

മറുഭാഗത്താവട്ടെ, കോൺഗ്രസ് നേതാക്കളെക്കൊണ്ടു പൊറുതിമുട്ടി. എവിടെ നോക്കിയാലും നേതാക്കൾ. പാർട്ടി വക്താവിന്റെ തന്നെ ഭാഷയിൽ പറഞ്ഞാൽ, പതിനൊന്നു മുഖ്യമന്ത്രി സ്ഥാനാർഥികളായിരുന്നു സംസ്ഥാനത്തുണ്ടായിരുന്നത്. എന്നിട്ടും കോൺഗ്രസ് 70 സീറ്റിലൊതുങ്ങി. കഴിഞ്ഞ തവണ നേടിയ 38 സീറ്റിനേക്കാൾ ഭേദമെന്നുമാത്രം. ബി.എസ്.പി ആറു സീറ്റുമായി മുന്നേറ്റം നടത്തിയപ്പോൾ ഏഴു സീറ്റുണ്ടായിരുന്ന എസ്.പി ഒന്നിലേക്ക് ചുരുങ്ങി.

## 'രാജ'കീയ തോൽവി

രാജസ്ഥാനിൽ മുഖ്യമന്ത്രി വസുന്ധര രാജെ തോറ്റത് രാജകീയമായാണ്. ഭരണത്തോടുള്ള സമ്മതിദായകരുടെ അമർഷവും പാർട്ടിയിലെ ഉൾപ്പോരുമാണ് രാജസ്ഥാനിൽ ബി.ജെ.പിക്ക് തോൽവി സമ്മാനിച്ചത്. ആകെ 200 സീറ്റിൽ കോൺഗ്രസിന് 96 സീറ്റ് ലഭിച്ചു. കേവല ഭൂരിപക്ഷത്തിന് അഞ്ചു സീറ്റിന്റെ മാത്രം കുറവ്. അശോക് ഗെഹ്‌ലോട്ടിന്റെ നേതൃത്വത്തിൽ മന്ത്രിസഭാ രൂപവത്കരണത്തിന് ഒരുങ്ങുകയാണ് കോൺഗ്രസ്. 2003ലെ നിയമസഭാ തെരഞ്ഞെടുപ്പിൽ 120 സീറ്റുണ്ടായിരുന്ന ബി.ജെ.പിക്ക് 78 സീറ്റുകൊണ്ട് തൃപ്തിപ്പെടേണ്ടിവന്നു. കഴിഞ്ഞ തവണ 53 സീറ്റ് മാത്രമാണ് കോൺഗ്രസിന് ഉണ്ടായിരുന്നത്. രണ്ടു സീറ്റുണ്ടായിരുന്ന ബി.എസ്.പിയുടെ നിയമസഭയിലെ അംഗബലം ആറായി ഉയർന്നു. ഡസനോളം സീറ്റിൽ അവർ രണ്ടാമത് എത്തുകയും ചെയ്തു. ഒരു സീറ്റിലൊതുങ്ങിനിന്ന സി.പി.എമ്മിന് ഇക്കുറി മൂന്ന് എം.എൽ.എമാരുണ്ട്. സമാജ്‌വാദി പാർട്ടി ഒരു സീറ്റ് നേടി അക്കൗണ്ട് തുറന്നു.

അഞ്ചുകൊല്ലത്തെ വസുന്ധര രാജെ മന്ത്രിസഭയെ ചുറ്റിപ്പറ്റി നിലനിന്ന രൂക്ഷമായ ആരോപണങ്ങൾ, ഗുജ്ജർ സംവരണ പ്രക്ഷോഭം കൈകാര്യംചെയ്തതിലെ വീഴ്ച, മുഖ്യമന്ത്രിയുടെ ഏകാധിപത്യ ശൈലിക്കെതിരെ പാർട്ടിക്കുള്ളിലുണ്ടായ പ്രതിഷേധം എന്നിവക്കിടയിലാണ് ബി.ജെ.പിക്ക് അടി തെറ്റിയത്. ഇതിനെ

## ന്യൂനപക്ഷം ആരുടെ കൂടെ?

ബട്‌ല ഹൗസ് ഏറ്റുമുട്ടലിനെ തുടർന്ന് ദേശീയ ശ്രദ്ധയാകർഷിച്ച ദൽഹിയിലെ ഓഖ്‌ല നിയോജക മണ്ഡലത്തിലെ തെരഞ്ഞെടുപ്പ് മാത്രം മതി രാജ്യത്തെ ഏറ്റവും വലിയ ന്യൂനപക്ഷമായ മുസ്‌ലിം സമുദായത്തിന്റെ ദയനീയ സ്ഥിതി വിലയിരുത്താൻ. ദൽഹി സ്ഫോടന പരമ്പരയുടെ പേരിൽ ബട്‌ല ഹൗസിലെ സ്വകാര്യ ഫ്ളാറ്റിൽ താമസിച്ചിരുന്ന വിദ്യാർഥികളെ വെടിവെച്ചു കൊന്ന സംഭവം വിവാദമായതോടെ കോൺഗ്രസിനെതിരായ ശക്തമായ വികാരം മണ്ഡലത്തിലും പുറത്തുമുണ്ടായി. രാജ്യത്തിന്റെ പലഭാഗങ്ങളിലും നടന്ന സ്ഫോടനങ്ങളുടെ പേരിൽ മുസ്‌ലിം യുവാക്കളെ പിടികൂടി കൊടിയ മർദനങ്ങൾക്കിരയാക്കുന്നതിൽ പ്രധാന പങ്കുവഹിച്ച കോൺഗ്രസിനെതിരെ സമുദായത്തിൽ നിലനിന്ന ശക്തമായ പ്രതിഷേധം ബട്‌ല ഹൗസ് ഏറ്റുമുട്ടലോടെ പൊട്ടിത്തെറിച്ചു. ഭരണകൂട ഭീകരതക്കെതിരെ ഒറ്റക്കെട്ടായി രംഗത്തുവരാൻ പ്രമുഖ മുസ്‌ലിം സംഘടനകളെല്ലാം തീരുമാനിച്ചു. ജമാഅത്തെ ഇസ്‌ലാമി, മില്ലി കൗൺസിൽ, ജംഇയ്യത്തുൽ ഉലമ, അഹ്‌ലെ ഹദീസ് തുടങ്ങിയ സംഘടനകൾ അംഗങ്ങളായ മുസ്‌ലിം കോർഡിനേഷൻ കമ്മിറ്റി പിറന്നു. ദൽഹിയിലെ പോലീസ് നടപടിക്കെതിരെ പരസ്യമായി രംഗത്തുവരാനും പിടിയിലായ വിദ്യാർഥികൾക്ക് നിയമ സഹായം നൽകാനും കമ്മിറ്റി തീരുമാനിച്ചു. മനുഷ്യാവകാശ സംഘടനകളും സന്നദ്ധ പ്രവർത്തകരും പിന്തുണ പ്രഖ്യാപിച്ചതോടെ അവഗണിക്കാൻ പറ്റാത്ത സാന്നിധ്യമായി കമ്മിറ്റി മാറി.

ഏറ്റുമുട്ടൽ സംഭവം അന്വേഷിക്കണമെന്ന മുസ്‌ലിം സംഘടനകളുടെ നിരന്തരമായ ആവശ്യം കേൾക്കാതിരുന്ന കോൺഗ്രസ് നേതൃത്വത്തിന് ശക്തമായ താക്കീതു നൽകാൻ കഴിയുമായിരുന്ന സുവർണാവസരമായിരുന്നു ഓഖ്‌ലയിലെ തെരഞ്ഞെടുപ്പ്. ഏതാണ്ട് അമ്പതുശതമാനം വോട്ടർമാരുള്ള മണ്ഡലം. മുസ്‌ലിം സമുദായം ഒന്നിച്ചു വോട്ടുചെയ്താൽ ഏതു സ്ഥാനാർഥിയും ജയിക്കാമെന്ന സാഹചര്യം. അനുകൂല ഘടകങ്ങൾ നിരവധിയായിരുന്നു. ഈ അർഥത്തിലുള്ള ചുവടുവെപ്പുകൾ തുടക്കത്തിൽ ഉണ്ടാവുകയും ചെയ്തു. കോൺഗ്രസിനെതിരെ പൊതു സമ്മതനായ സ്ഥാനാർഥിക്ക് പിന്തുണ നൽകാനും മുസ്‌ലിം വോട്ടുകൾ ഏകോപിപ്പിക്കാനും ശ്രമം നടന്നു. എന്നാൽ നിർഭാഗ്യവശാൽ ഇതു വിജയിച്ചില്ല. സ്ഥാനാർഥിയെ നിർത്തുന്നതു സംബന്ധിച്ച് യോജിച്ച തീരുമാനത്തിൽ എത്താനാവാതിരുന്നതോടെ സമ്മർദ ശക്തിയാകാനുള്ള സമുദായത്തിന്റെ സുവർണാവസരം പാഴായി. ചിലർ വോട്ടെടുപ്പിൽ നിന്ന് വിട്ടു നിൽക്കുക പോലും ചെയ്തു. ഇതോടെ മുസ്‌ലിം വോട്ടുകൾ ചിതറി. മുസ്‌ലിം സംഘടനകളുടെ ഭിന്നിപ്പ് അന്തിമമായി കോൺഗ്രസ് സ്ഥാനാർഥിക്കു ഗുണം ചെയ്തു. പർവേസ് ഹാശ്മി നാലാം തവണയും കഷ്ടിച്ച് ജയിച്ചു കയറി. കഴിഞ്ഞ തവണ ആറായിരത്തിലധികം വോട്ടിനു ജയിച്ച ഹാശ്മിയുടെ ഭൂരിപക്ഷം ഇത്തവണ 541 ആയി ചുരുങ്ങി. ലാലുപ്രസാദ് യാദവിന്റെ ആർ.ജെ.ഡിയാണ് 28762 വോട്ടുകളുമായി രണ്ടാം സ്ഥാനത്തെത്തിയതെന്ന് ഓർക്കുക. കോൺഗ്രസ്, ബി.എസ്.പി, എസ്.പി, സി.പി.എം, സി.പി.ഐ, സ്വതന്ത്രർ എന്നിവരെല്ലാം കൂടി പതിവുപോലെ മുസ്‌ലിം വോട്ടുകൾ വീതിച്ചെടുത്തപ്പോൾ സമുദായത്തിന്റെ പ്രതിഷേധം നേരിയ തോതിലെങ്കിലും പ്രകടിപ്പിക്കാനുള്ള ആദ്യശ്രമം തുടക്കത്തിൽ തന്നെ പാളിപ്പോവുകയായിരുന്നു. ബട്‌ല ഹൗസ് ഏറ്റുമുട്ടലിനെതിരായ മുസ്‌ലിം നേതൃത്വത്തിന്റെ പ്രചാരണങ്ങൾ വോട്ടർമാർക്കിടയിൽ ഏശിയില്ലെന്ന് കോൺഗ്രസ് നേതൃത്വത്തിന് പറഞ്ഞു നടക്കാൻ ഓഖ്‌ലയിലെ വിജയം കാരണമായി എന്നുകൂടി അറിയുക.

ദൽഹിയിലും പുറത്തും യോജിപ്പിലെത്താൻ നിർഭാഗ്യവശാൽ സമുദായത്തിന് കഴിഞ്ഞില്ല. രാജസ്ഥാനിൽ ഏറെക്കുറെ സംഘടിതമായി തീരുമാനത്തിലെത്താൻ കഴിഞ്ഞുവെന്നത് അൽപം ആശ്വാസത്തിനു വക നൽകുന്നുവെന്നു മാത്രം. മധ്യപ്രദേശിലും കോർഡിനേഷൻ കമ്മിറ്റി പിറവിയെടുത്തെങ്കിലും യോജിച്ച തീരുമാനത്തിലെത്താനായില്ല. തെരഞ്ഞെടുപ്പിന്റെ തൊട്ടടുത്ത ദിവസം വരെ ആർക്കു വോട്ടു നൽകണമെന്നു പോലും തീരുമാനിക്കാൻ സമുദായ നേതൃത്വത്തിനായില്ല എന്നതാണ് വസ്തുത.

ഇങ്ങനെയൊക്കെയാണെങ്കിലും മൊത്തത്തിൽ പരിശോധിച്ചാൽ തെരഞ്ഞെടുപ്പ് ഫലങ്ങൾ ചില ശുഭ സൂചനകൾ നൽകുന്നുവെന്ന് പറയാതിരിക്കാനാവില്ല. വർഗീയ-വിഘടന രാഷ്ട്രീയത്തെ പിന്തള്ളി മെച്ചപ്പെട്ട ഭരണത്തിനും വ്യക്തിശുദ്ധിക്കും ജനം കൂടുതൽ പ്രാധാന്യം കൽപിക്കുന്നു എന്നതാണ് അതിൽ ഏറ്റവും പ്രധാനം. പിന്നാക്ക വിഭാഗങ്ങൾ പതുക്കെയാണെങ്കിലും ശക്തി നേടുന്നുവെന്നതാണ് മറ്റൊന്ന്. ■

മറികടക്കാൻ മുംബൈ ഭീകരത ശക്തമായ ആയുധമാക്കി അവസാനത്തെ ഒരാഴ്ച വൻപ്രചാരണം അഴിച്ചുവിട്ടെങ്കിലും രക്ഷയുണ്ടായില്ല. ഗുജ്ജർ പ്രക്ഷോഭത്തെ തുടർന്ന് രാജെയെ മാറ്റണമെന്ന ആവശ്യം പാർട്ടിക്കുള്ളിൽ ശക്തമായിരുന്നുവെങ്കിലും അദ്വാനിയുടെയും രാജ്നാഥ് സിംഗിന്റെയും പിന്തുണയിൽ എതിർപ്പുകൾ ആവിയാവുകയായിരുന്നു. അതിന്റെ ഫലം തെരഞ്ഞെടുപ്പിൽ കണ്ടു. പാർട്ടിക്കാരും ജനവും ഒരുമിച്ചു തിരിഞ്ഞു കുത്തി.

ബി.എസ്.പി, സി.പി.എം, പൊതുസമ്മതരായ സ്വതന്ത്ര സ്ഥാനാർഥികൾ എന്നിവരുടെ മുന്നേറ്റംകൊണ്ട് ശ്രദ്ധേയമായ സംസ്ഥാനം കൂടിയാണ് രാജസ്ഥാൻ. യു.പിയിൽനിന്ന് വിവിധ സംസ്ഥാനങ്ങളിലേക്ക് വേരുപടർത്തുന്ന ബി.എസ്.പിക്ക് പത്തര ശതമാനം വോട്ടു നേടാൻ കഴിഞ്ഞുവെന്നത് ചില്ലറ കാര്യമല്ല. ജമാഅത്തെ ഇസ്‌ലാമിയുടെ നേതൃത്വത്തിലുള്ള വിവിധ മുസ്‌ലിം സംഘടനകളുടെ പൊതുവേദിയായ മുസ്‌ലിം ഫോറം ബി.എസ്.പി സ്ഥാനാർഥികൾക്ക് വോട്ടു കൊടുത്തില്ല എന്ന പ്രത്യേകതയും ഈ തെരഞ്ഞെടുപ്പിനുണ്ട്. മുസ്‌ലിം ന്യൂനപക്ഷങ്ങളുടെ വോട്ടു ഏറക്കുറെ സംഘടിതമായി രേഖപ്പെടുത്തപ്പെട്ടതും ഇവിടെ മാത്രമാണ്. ബി.എസ്.പിക്കു വോട്ടു നൽകിയാൽ ബി.ജെ.പിക്കു ഗുണകരമാകുമെന്നും ഈ സാഹചര്യത്തിൽ കോൺഗ്രസിന് വോട്ടു നൽകുകയല്ലാതെ മറ്റു മാർഗങ്ങളില്ലായിരുന്നുവെന്നും ഫോറത്തിനു നേതൃത്വം നൽകുന്ന ജമാഅത്തെ ഇസ്‌ലാമി അമീർ മുഹമ്മദ് സലീം പറഞ്ഞു. കോൺഗ്രസിനു പുറമെ സി.പി.എം, ജയസാധ്യതയുള്ള സ്വതന്ത്രർ എ

ന്നിവർക്കാണ് മുസ്‌ലിം സംഘടനകൾ വോട്ടു നൽകിയത്. ഇവരിൽ ചിലർ ജയിച്ചു കയറിയതും ശ്രദ്ധേയമാണ്.

## ഛത്തീസ്ഗഢിൽ രമൺ സിംഗ്

പിന്നാക്കക്കാരും ആദിവാസികളും ഭൂരിപക്ഷമായ ഛത്തീസ്ഗഢിൽ അരി വാരി വിതറി ജനപ്രീതി നേടുകയാണ് രമൺസിംഗ് ചെയ്തത്. കിലോഗ്രാമിന് മൂന്നു രൂപ നിരക്കിൽ പ്രതിമാസം 35 കിലോ അരിയാണ് രമൺസിംഗ് സർക്കാർ 34 ലക്ഷം കുടുംബങ്ങൾക്ക് നൽകിവരുന്നത്. ഇതോടെ അദ്ദേഹം 'ചാവൽ ബാബ'യായി മാറി. ദുർബല വിഭാഗങ്ങൾക്ക് ഒരു രൂപക്ക് ഒരു കിലോ അരി; ഉപ്പ് ഫ്രീ എന്നാണ് പുതിയ പ്രകടന പത്രികയിലെ വാഗ്ദാനം. അതിനു മുമ്പിൽ വീൽചെയറിലിരുന്ന് അജിത്ജോഗി സഹതാപം നേടാൻ നടത്തിയ ശ്രമം പാളി. ബി.ജെ.പി നേടിയത് 51 സീറ്റ്-കഴിഞ്ഞ തവണത്തേക്കാൾ ഒന്ന് കൂടുതൽ. കോൺഗ്രസിന് കഴിഞ്ഞ തെരഞ്ഞെടുപ്പിൽ കിട്ടിയ 37 സീറ്റു തന്നെ ഇത്തവണയും ലഭിച്ചു.

മറ്റു സംസ്ഥാനങ്ങളിൽനിന്ന് ഭിന്നമായി ബി.എസ്.പിക്ക് രണ്ടു സീറ്റ് നിലനിർത്താൻ മാത്രമാണ് കഴിഞ്ഞത്. മനുഷ്യാവകാശ പ്രവർത്തകരിൽനിന്ന് കടുത്ത എതിർപ്പുയർന്നിട്ടും നക്സലുകൾക്കെതിരായ സാൽവ ജുദൂമിന് (ജനകീയ പട്ടാളം) പിന്തുണ നൽകുകയാണ് രമൺസിംഗ് ചെയ്തത്. സാൽവജുദൂമിനെതിരെ ജനങ്ങളെ സംഘടിപ്പിച്ച വിനായക് സെന്നിനെ അകാരണമായി തടങ്കലിലിട്ടതൊന്നും അരിയുടെ മുന്നിൽ വിലപ്പോയില്ല. രമൺസിംഗ് പൊതുവെ അഴിമതിക്കാരനല്ല, മര്യാദക്കാരനാണ് എന്നാണ് പ്രചരിപ്പിക്കപ്പെടുന്നതെങ്കിലും തെരഞ്ഞെടുപ്പ് സമയത്ത് വൈദ്യുതി വിൽപനയിലെ അഴിമതിക്കഥകൾ കോൺഗ്രസ് പുറത്തെടുത്തിട്ടിരുന്നു. എന്നിട്ടും പിടിച്ചു നിൽക്കാൻ രമൺസിംഗിന് കഴിഞ്ഞു. സർക്കാറിനെതിരെ ശക്തമായ പ്രചാരണം അഴിച്ചുവിടാൻ കോൺഗ്രസിന് കഴിഞ്ഞതുമില്ല.

## മിസോറാമിലെ വോട്ടർമാർ സിന്ദാബാദ്

വമ്പൻ സംസ്ഥാനങ്ങളുടെ തെരഞ്ഞെടുപ്പ് പോരാട്ടങ്ങൾക്കിടയിൽ കുഞ്ഞു സംസ്ഥാനമായ മിസോറാമിനെ മാധ്യമങ്ങളടക്കം അവഗണിച്ചു. പക്ഷേ ഭരിക്കാനറിയാത്ത നേതാവിനെ എടുത്തു തോട്ടിലിട്ടതിന്റെ ഏറ്റവും നല്ല മാതൃക കാഴ്ചവെച്ചത് മിസോറാമിലെ ചെറിയ മനുഷ്യരാണ്. ജനരോഷത്തിൽ മുഖ്യമന്ത്രി സൊറംതാംഗയുടെ മിസോ നാഷണൽ ഫ്രണ്ട് തോറ്റു പാളീസായി. പത്തുകൊല്ലം അധികാരത്തിലിരുന്ന മിസോറാം മുഖ്യമന്ത്രി ജയം ഉറപ്പിക്കാൻ മത്സരിച്ചത് രണ്ടിടത്താണ്. രണ്ടിടത്തും തോറ്റ് അദ്ദേഹം റെക്കോർഡിട്ടു. 40 അംഗ നിയമസഭയിൽ അദ്ദേഹത്തിന്റെ പാർട്ടിക്കു കിട്ടിയത് മൂന്നു സീറ്റ്. അടിച്ചു കയറിയത് കോൺഗ്രസ്. 32 സീറ്റും പോക്കറ്റിലാക്കി കോൺഗ്രസ് നേതാവ് ലാൽതംഗാവ്‌ല മുഖ്യമന്ത്രിയാകാൻ ഒരുങ്ങുന്നു.

അധികാരി വർഗത്തിന് നേരെ ഒളിപ്പോരാട്ടത്തിന്റെ ഭീകരമുഖം കാഴ്ചവെച്ചിട്ടുള്ള സംഘമായിരുന്നു ഒരിക്കൽ സൊറംതാംഗയുടെ മിസോ നാഷനൽ ഫ്രണ്ട് (എം.എൻ.എഫ്). '86ൽ സർക്കാറുമായി സമാധാന ഉടമ്പടി ഒപ്പിട്ടതോടെ പോരാട്ടം പഴങ്കഥയായി. അധികാരം കിട്ടിയതോടെ അഴിമതിക്കാരുടെ 'ഫ്രണ്ടാ'യി പാർട്ടി മാറി. കോൺഗ്രസ് നേടിയ 32ഉം എം.എൻ.എഫിന് കിട്ടിയ മൂന്നും കഴിച്ചാൽ അഞ്ചു സീറ്റ് അടിച്ചെടുത്ത യു.ഡി.എയാണ് താംഗെയുടെ തോൽവിയിലെ വില്ലൻ.

മൂന്നു പാർട്ടികൾ ചേർന്ന മുന്നേറ്റമാണ് യു.ഡി.എ എന്ന യുനൈറ്റഡ് ഡമോക്രാറ്റിക് അലയൻസ്.

## ഉമയും മായയും

2003ൽ മൂന്നിൽ രണ്ടു ഭൂരിപക്ഷത്തോടെ മധ്യപ്രദേശിൽ അധികാരത്തിലെത്തിയ തീപ്പൊരി നേതാവ് ഉമാ ഭാരതിക്ക് അടിതെറ്റുന്നതിനും, പതുക്കെയാണെങ്കിലും മായാവതിയുടെ ആന ദേശീയ രാഷ്ട്രീയത്തിൽ ശക്തിയാർജിക്കുന്നതിനും തെരഞ്ഞെടുപ്പു സാക്ഷിയായി.

ബി.ജെ.പിക്കെതിരെ വ്യാപക പ്രചാരണം നടത്തിയാണ് മധ്യപ്രദേശ് തെരഞ്ഞെടുപ്പിലേക്ക് ഉമയുടെ പാർട്ടി വന്നത്. 213 സീറ്റുകളിൽ സ്ഥാനാർഥികളെ നിർത്തി. സ്വന്തം തട്ടകമായ ടികംഗഢിൽ മത്സരിക്കാൻ തീരുമാനിച്ചു. തന്റെ പിന്തുണയില്ലാതെ ആർക്കും ഭരിക്കാനാവില്ലെന്നും വീമ്പിളക്കി. ഒരു പരിധിവരെ ബി.ജെ.പി നേതൃത്വവും അത്തരമൊരു സാഹചര്യം ഭയപ്പെട്ടു. ഫലം വന്നപ്പോൾ ഉമയും ബി.ജെ.പിയും ഒരു പോലെ ഞെട്ടി. സ്വന്തം മണ്ഡലത്തിൽ 9828 വോട്ടിന്റെ തോൽവി. പാർട്ടിക്ക് ആകെ കിട്ടിയത് അഞ്ചു സീറ്റ്.

ഉമാ ഭാരതിക്ക് തിരിച്ചടിയേറ്റെങ്കിലും മായാവതിയുടെ പാർട്ടിക്ക് തരക്കേടില്ലാത്ത മുന്നേറ്റം കാഴ്ചവെക്കാനായി. അഞ്ചു സംസ്ഥാനങ്ങളിലും കിംഗ് മേക്കറാവാനോ ബി.ജെ.പിക്കും കോൺഗ്രസിനും ഭീഷണിയാകാനോ മായാവതിക്ക് കഴിഞ്ഞില്ലെന്നത് നേര്. അതേസമയം മിസോറാമിലൊഴിച്ച് എല്ലാ സംസ്ഥാനങ്ങളിലും സീറ്റുകൾ നേടാനും വോട്ടിംഗ് ശതമാനം വർധിപ്പിക്കാനും ബി.എസ്.പിക്കായത് നിസ്സാര നേട്ടമല്ല. ദൽഹിയിൽ കോൺഗ്രസ് തട്ടകങ്ങളായ രണ്ടു സീറ്റ് പിടിച്ചടക്കി ആദ്യമായി അക്കൗണ്ട് തുറന്നു. അഞ്ചു മണ്ഡലങ്ങളിൽ രണ്ടാം സ്ഥാനത്തെത്തി. 2003ലെ തെരഞ്ഞെടുപ്പിൽ 5.7 ആയിരുന്ന വോട്ടിംഗ് ശതമാനം ഇത്തവണ 12 ആയി . മധ്യപ്രദേശിൽ മുഴുവൻ സീറ്റുകളിലും മത്സരിച്ച പാർട്ടി കഴിഞ്ഞ തവണ രണ്ടു സീറ്റുണ്ടായിരുന്നത് ഏഴാക്കി ഉയർത്തി. പോൾചെയ്ത വോട്ടിന്റെ 11 ശതമാനം നേടി. 10 മണ്ഡലങ്ങളിൽ ബി.എസ്.പി സ്ഥാനാർഥികൾ രണ്ടാമതെത്തി. കഴിഞ്ഞ തവണ 157 മണ്ഡലങ്ങളിലായിരുന്നു പാർട്ടി മത്സരിച്ചത്.

രാജസ്ഥാനിൽ 200 സീറ്റുകളിലും മത്സരിച്ച ബി.എസ്.പി രണ്ടു സീറ്റുണ്ടായിരുന്നത് ആറാക്കി. മൊത്തം വോട്ടിന്റെ ആറു ശതമാനം നേടി. 2003ൽ ഇത് 3.97 ശതമാനമായിരുന്നു. ഛത്തീസ്ഗഢിൽ ആദിവാസി മേഖലകളിൽ മികച്ച പ്രകടനം നടത്തുമെന്ന് പ്രതീക്ഷിച്ചിരുന്നുവെങ്കിലും രണ്ടു സീറ്റുകളിൽ ഒതുങ്ങി.

കോൺഗ്രസ് വോട്ടുബാങ്കിനെയാണ് ബി.എസ്.പി ബാധിക്കുകയെന്ന കണക്കുകൂട്ടലും തെറ്റിയെന്നതാണ് മറ്റൊരു വസ്തുത. ദൽഹിയിൽ ബി.ജെ.പിയുടെ പരാജയത്തിനു കാരണമായത് ബി.എസ്.പിയുടെ സാന്നിധ്യമാണെന്ന് കണക്കുകൾ സൂചിപ്പിക്കുന്നു. അഞ്ചു സീറ്റിലെങ്കിലും തങ്ങളുടെ പരാജയത്തിനു കാരണം ബി.എസ്.പിയാണെന്ന് ബി.ജെ.പി നേതാക്കൾ തന്നെ സമ്മതിച്ചു. ■